# കേരളസർവകലാശാല

നം.പി.ആർ.117/2021

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല ജൂൺ 28 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി., ജൂൺ 29 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീമിലെ മൂന്നാം സെമസ്റ്റർ റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി ഏപ്രിൽ 2021 പരീക്ഷയുടെ ഭാഗമായിട്ടുളള മാറ്റിവയ്ക്കപ്പെട്ട പരീക്ഷകൾ ജൂൺ 28 മുതൽ പുനഃരാരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പിഎച്ച്.ഡി.എൻട്രൻസ് – പാസ് മെമ്മോ

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ പിഎച്ച്.ഡി. എൻട്രൻസ് പരീക്ഷ വിജയിച്ച് നിർദിഷ്ട രേഖകൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ പാസ് മെമ്മോ തപാൽ മുഖേന അയച്ചിട്ടുണ്ട്. നിർദിഷ്ട രേഖകൾ ഇതുവരെയും സമർപ്പിക്കാത്ത വിദ്യാർത്ഥികളുടെ പാസ് മെമ്മോ സമർപ്പിക്കുന്നതിനനുസരിച്ച് നൽകുന്നതായിരിക്കും.

### പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2021 ജൂൺ 28 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി പരീക്ഷകൾക്ക് എം.എം.എസ്. ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, മലയിൻകീഴ് കോവിഡ് ക്വാറന്റൈൻ സെന്റർ ആക്കിയതിനാൽ ഇവിടെ വച്ച് നടത്താനുളള പരീക്ഷകൾ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മലയിൻകീഴ് വച്ച് അന്നേ ദിവസങ്ങളിൽ നടത്തുന്നതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന ബി.കോം. എസ്.ഡി.ഇ. (2018 അഡ്മിഷൻ റെഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2021 പരീക്ഷയ്ക്കുളള രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂൺ 28 വരെയും 150 രൂപ പിഴയോടെ ജൂലൈ 1 വരെയും 400 രൂപ പിഴയോടെ ജൂലൈ 5 വരെയും രജിസ്റ്റർ ചെയ്യാം. പരീക്ഷാത്തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
18.06.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**